(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെയാണ് 2009 മുതൽ സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) നിലവിൽ വന്നത്. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കുട്ടികൾക്ക് പ്രത്യേകിച്ചും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തവരുമായ കുട്ടികൾക്ക് പൂർണ്ണമായി സംരക്ഷണം ഏർപ്പെടുത്തുക എന്നതാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ മുഖ്യലക്ഷ്യം.

(സി)സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയും ജില്ലാതലങ്ങളിൽ ജില്ലാതല ശിശു സംരക്ഷണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികളും (CWC) നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കു വേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡുകളും (JJB) പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സ്റ്റേറ്റ് അഡോപ്ഷൻ ഏജൻസിയും (SARA) പ്രവർത്തിച്ചുവരുന്നു.

ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിന് വിധേയരാകാത്തതുമായ കുട്ടികളുടെ സംരക്ഷണത്തിനായി സാമൂഹ്യനീതിവകുപ്പിന് കീഴിൽ 8 ചിൽഡ്രൻസ് ഹോമുകൾ, 8 ഒബ്സർവേഷൻ ഹോമുകൾ, 2 സ്പെഷ്യൽ ഹോമുകൾ, 6 ഒബ്സർവേഷൻ-കം-സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകൾ, ഒരു പ്ലേയ്സ് ഓഫ് സേഫ്റ്റി എന്നിവ ചേർത്ത് ആകെ 25 ജെ.ജെ. ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

സാമൂഹ്യനീതിവകുപ്പിന്റെ ഹെഡ്ക്വോർട്ടേഴ്സിൽ ഒഴിവുള്ള തസ്തികകൾ

272 (4318) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ ; ഇല്ലെങ്കിൽ ഏതെല്ലാം തസ്തികകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്നും ഒഴിവുകൾ എന്നത്തേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പിന്റെ ഹെഡ്ക്വോർട്ടേഴ്സിൽ നിലവിൽ ചുവടെ ചേർക്കുന്ന പ്രകാരം ഒഴിവുകൾ ഉണ്ട് :

ക്ലാർക്ക്	-	1
ലാസ്റ്റ്ഗ്രേഡ്	-	1
എൽ.ഡി.ടൈപ്പിസ്റ്റ്	-	1

(ബി) പ്രസ്തുത ഒഴിവുകൾ എല്ലാം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

273 (4319) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികൾ നിലവിലുണ്ട് ; അവയിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്ര ; സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടം ഇല്ലാത്തവയുമായ എത്ര ; വിശദാംശം നൽകുമോ ;

(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികൾ ഏതൊക്കെ ; അവയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം -228

1. സ്വന്തമായി കെട്ടിടമില്ലാത്തവ - 65

2. സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾ - 1

തളിപ്പറമ്പ് അഡീഷണൽ-1 ഐസിഡിഎസ് പ്രോജക്ടിൽ പട്ടുവം പഞ്ചായത്തിൽ 38-ാം നമ്പർ അങ്കണവാടിയാണ് സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അങ്കണവാടി.

LIBRARY ARCHIVES Kerala Legislative Assembly